ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നടത്തിയ ആശ്രിതനിയമനങ്ങൾ അപേക്ഷകരുടെ മുൻഗണനാക്രമമനുസരിച്ച് റഗുലർ വേക്കൻസികൾ ഉണ്ടാകുന്നമുറയ്ക്ക് റഗുലറൈസ് ചെയ്യുന്നതാണ്. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടവർക്ക് റെഗുലറൈസേഷൻ ലഭിക്കുന്ന തീയതി മുതൽക്ക് മാത്രമേ സീനിയോറിറ്റി ലഭിക്കുകയുള്ളൂ. റഗുലർ ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെട്ടതിനുശേഷമായിരിക്കും അവരുടെ പ്രൊബേഷൻ ആരംഭിക്കുന്നത്. 4-9-2015-ലെ G.O.(Ms) 26/15/ഉ.ഭ.പ.വ. പ്രകാരം ഡെപ്യൂട്ടേഷൻ, അന്തർ വകുപ്പ്/മ്യൂച്വൽ സ്ഥലംമാറ്റങ്ങൾക്കും ഇവർ അർഹരല്ല. റഗുലറൈസേഷൻ ലഭിക്കുന്നതുവരെ റഗുലർ വേക്കൻസിയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിനോ, റേഷ്യോ പ്രൊമോഷനോ ഇവർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(ബി) സൂപ്പർ ന്യൂമററി തസ്തികകളിലെ ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നകാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ആശ്രിത നിയമനം

9 (1831) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃവകുപ്പിൽ ആശ്രിത നിയമനം നടത്തുമ്പോൾ ആകെവരുന്ന ഒഴിവുകളുടെ അഞ്ചുശതമാനം ഒഴിവുകളിൽ തന്നെയാക്കി നിജപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനം റെഗുലറൈസ് ചെയ്യുമ്പോൾ നിശ്ചിത ശതമാനം പാലിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ആശ്രിത നിയമനത്തിന് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ ആശ്രിതന് ടിയാൻ സേവനമനുഷ്ഠിച്ചിരുന്ന വകുപ്പിൽ (മാതൃവകുപ്പിൽ) നിലവിലുള്ളതോ, അടുത്തതായി ഉണ്ടാകുന്നതോ ആയ ഒഴിവിൽ നിയമനം നൽകേണ്ടതാണ്. മാതൃവകുപ്പിലെ ഇത്തരം നിയമനത്തിന് ശതമാനം നിശ്ചയിച്ചിട്ടില്ല.

GPM. 2/240/2020-11

LIBRARY ARCHIVES Kerala Legislative Assembly